**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 75** — **01-02-2023 - ൽ മറുപടിയ്ക്ക്**

## പറമ്പിക്കുളം-ആളിയാർ കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം അനുവദിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എ) പി.എ.പി-യിൽ നിന്നും കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കാൻ സംയുക്ത ജല ക്രമീകരണ സമിതി യോഗങ്ങളിൽ കേരളം ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട്. ഉദ്യോഗസ്ഥതലത്തിലെ ഇടപെടലുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ യഥാസമയം സർക്കാർ തലത്തിൽ ശക്തമായ ഇടപെടലുകൾ നടത്തി വന്നിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലുമുള്ള ശക്തമായ ഇടപെടലുകളെ തുടർന്ന് നിലവിൽ പറമ്പിക്കുളം ആളിയാർ കരാർ പ്രകാരമുള്ള ജലം ഒട്ടുമിക്ക സ്റ്റേഷനുകളിലും ലഭ്യമാക്കുവാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ നാല് ജലവർഷങ്ങളിൽ (ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലാവധി) കേരളത്തിന് വിവിധ സ്റ്റേഷനുകളിൽ ലഭ്യമായ ജലത്തിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| Water year | Kerala Sholayar | Manacadavu | | Upper Nirar quantity received in Mcft. |
|---|---|---|---|---|
| | Quantity in Mcft. | Quantity realised in Mcft. | Quantity net accepted in Mcft. | |
| 2018-19 | 9996.49 | 18476.50 | 7657.00 | 539.94 |
| 2019-20 | 12571.92 | 9268.58 | 7594.00 | 854.72 |
| 2020-21 | 12320.20 | 9407.25 | 7626.00 | 991.00 |
| 2021-22 | 13954 | 17964.85 | 7628.00 | 1498.78 |
| Note: | At Manacadavu Weir Agreement Quantity: 7250 Mcft<br><br>At Kerala Sholayar Agreement Quantity: 12300 Mcft | | | |

| | | | |
|---|---|---|---|
| | | | 10.01.2023 തീയതിയിൽ കൂടിയ 106-ാമത് ജെ.ഡബ്ല്യൂ.ആർ.ബോർഡ് യോഗത്തിലും കരാർ പ്രകാരമുള്ള ജലം മുഴുവനും കേരളത്തിന് ലഭ്യമാക്കണം എന്ന് കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2022-23 ജലവർഷത്തിൽ ഡിസംബർ 31 വരെ മണക്കടവ് വിയറിൽ കേരളത്തിന് ലഭിച്ചത് 4282.00 എം.സി.എഫ്.ടി ജലമാണ്. കേരളാ ഷോളയാർ പവർ ഹൗസ്സിൽ 2022 ഡിസംബർ 31 വരെ വരെയുള്ള ഉപയോഗം 6295.72 എം.സി.എഫ്.ടി ജലമാണ്. കൂടാതെ നീരാറിൽ നിന്നും 31.12.2022 വരെ 727.73 എം.സി.എഫ്.ടി ജലവും ലഭിച്ചിട്ടുണ്ട്. ഈ ജലവർഷവും കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത കരാർ പ്രകാരം 2022 -2023 വർഷം എത്ര ടി.എം.സി. ജലമാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | 2022-23 ജലവർഷത്തിൽ ഡിസംബർ 31 വരെ മണക്കടവ് വിയറിൽ കേരളത്തിന് ലഭിച്ചത് 4282.00 എം.സി.എഫ്.ടി ജലമാണ്. കേരളാ ഷോളയാർ പവർ ഹൗസ്സിൽ 2022 ഡിസംബർ 31 വരെയുള്ള ഉപയോഗം 6295.72 എം.സി.എഫ്.ടി ജലമാണ്. കൂടാതെ നീരാറിൽ നിന്നും 31.12.2022 വരെ 727.73 എം.സി.എഫ്.ടി ജലവും ലഭിച്ചിട്ടുണ്ട്. 2022-23 ജലവർഷത്തിലെ ഈ അളവുകൾ ജെ.ഡബ്ല്യൂ.ആർ.ബി. യോഗത്തിൽ ഇരു സംസ്ഥാനങ്ങളും ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ